പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1977 — 14.08.2017 -ൽ മറുപടിക്ക്.

# പാചകവാതക സിലിണ്ടറിനുള്ള സബ്സിഡി

| ചോദ്യം<br>**ശ്രീ.കെ. ദാസൻ** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) പാചകവാതക സിലിണ്ടറിന് സബ്സിഡി നിർത്തലാക്കാനുള്ള കേന്ദ്രസർക്കാറിന്റെ നീക്കം സാധാരണക്കാർക്കുണ്ടാക്കിയേക്കാവുന്ന ബുദ്ധിമുട്ടുകളും കടുത്ത സാമ്പത്തിക പ്രതിസന്ധിയും പരിശോധിച്ചിട്ടുണ്ടോ; സബ്സിഡി നിർത്തലാക്കുന്ന പക്ഷം ആയതിന്റെ ആഘാതം ലഘൂകരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ആശ്വാസ നടപടികളുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ ;<br><br>(ബി) ആവശ്യമുള്ള പക്ഷം ഈ വിഷയത്തിൽ പ്രത്യേക പരിഗണന നൽകി കേരളത്തിന് മാത്രമായി ഒരു പാക്കേജ് പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുമോയെന്ന് വ്യക്തമാക്കാമോ ? | (എ)<br>&<br>(ബി) | പാചകവാതക സിലിണ്ടറിന് സബ്സിഡി നിർത്തലാക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം സാധാരണക്കാർക്ക് ഉണ്ടാക്കിയേക്കാവുന്ന ബുദ്ധിമുട്ടുകളും കടുത്ത സാമ്പത്തിക പ്രതിസന്ധിയും പരിഗണിച്ച് സബ്സിഡി നിലനിർത്തുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നത് സഹിതമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**